പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2314</u> <u>14.06.2019-ൽ മറുപടിക്ക്</u>

## ജി.എസ്.ടി.യിൽ വെട്ടിപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ടി.ബൽറാം | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | 2018-19 സാമ്പത്തികവർഷം ജി.എസ്.ടി.യിൽ കോടികളുടെ വെട്ടിപ്പ് നടന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എത്ര കോടി രൂപയുടെ വെട്ടിപ്പാണ് നടന്നിട്ടുള്ളത് എന്നതിനെ സംബന്ധിച്ചുള്ള കണക്ക് ലഭ്യമാണോ; വിശദാംശങ്ങൾ നൽകാമോ ; | (ബി) | വാർഷിക റിട്ടേണുകൾ ഇനിയും ലഭിക്കാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഇപ്പോൾ വിവരങ്ങൾ കൃത്യമായി ലഭ്യമല്ല. |
| (സി) | നികുതി വെട്ടിപ്പ് തടയുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളത്; | (സി) | നികുതി വെട്ടിപ്പ് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വരുന്ന ചരക്ക് വാഹനങ്ങളിൽ ഇ-വേ ബിൽ ഉണ്ടോ എന്ന് പരിശോധന നടത്തുന്നതിന് വേണ്ടി, സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയ സാഹചര്യത്തിൽ ഇന്റലിജൻസ് സ്ക്വാഡുകളെ അതിർത്തി പ്രദേശങ്ങളിൽ (24 X 7) വിന്യസിച്ചിട്ടുണ്ട്. കൂടാതെ ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പ്രധാന അതിർത്തി റോഡുകളിൽ എ.എൻ.പി.ആർ. സംവിധാനമുള്ള ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരീക്ഷണാടി സ്ഥാനത്തിൽ വാളയാറിൽ സ്ഥാപിച്ച് |

| | | | |
|---|---|---|---|
| | | | ഇ-വേ ബിൽ വിവരങ്ങൾ വിശകലനം ചെയ്ത് വരുന്നു. വ്യാപാരികൾ സമർപ്പിക്കുന്ന റിട്ടേണുകളുടെ ആധികാരികത ഉറപ്പു വരുത്തുന്നതിനായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിൽ ഒരു ഡേറ്റാ അനലറ്റിക്കൽ ടീം രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | റിട്ടേണുകളുടെ ഡേറ്റാ അനാലിസിസ് നടത്തുവാൻ പ്രൊഫഷണൽ കൺസൾട്ടന്റുമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഡി) | കേരള ബഡ്ജറ്റ് 2019-ൽ പ്രഖ്യാപിച്ച ഡാറ്റാ അനാലിസിസ് വിംഗ് ഡിപ്പാർട്ട്മെന്റ് തലത്തിൽ ഉത്തരവ് നമ്പർ സി.ടി. 5555/2017/എ1 തീയതി 22.05.2019 പ്രകാരം വകുപ്പിലെ ജീവനക്കാരെ ഉൾപ്പെടുത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഡാറ്റാ അനാലിസിസ് കൺസട്ടൻസിക്കു വേണ്ടി സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനമായ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ്, കേരളയുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. നിലവിൽ പുറമേ നിന്നുള്ള പ്രൊഫഷണൽ കൺസൾട്ടന്റുമാരെ ഡാറ്റാ അനാലിസിസിനായി നിയമിച്ചിട്ടില്ല. |
| (ഇ) | ജി.എസ്.ടി.യിൽ വെട്ടിപ്പ് നടത്തിയവരിൽനിന്നും അത് ഈടാക്കുവാൻ എന്ത് നടപടിയാണ് ഇതിനകം സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ? | (ഇ) | ജി.എസ്.ടി.യിൽ വെട്ടിപ്പ് നടത്തിയവരിൽ നിന്നും അത് ഈടാക്കുവാൻ നിയമാനുസൃതം അടയ്ക്കേണ്ട നികുതിയും പിഴയും ഈടാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ